പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2096 **26-10-2026-ൽ മറുപടിയ്ക്ക്**

കാന്റീനുകളിലും മിനി ഫുഡ് സ്റ്റോറുകളിലും ഭക്ഷ്യവസ്തുക്കൾക്ക് അമിതവില ഈടാക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സിനിമ തീയറ്ററുകളോട് ചേർന്ന കാന്റീനുകളിലും മിനി ഫുഡ് സ്റ്റോറുകളിലും ഫുഡ് കോർട്ടുകളിലും ഭക്ഷ്യവസ്തുക്കൾക്ക് അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നെന്ന് വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷാ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സിനിമാ തിയേറ്ററുകൾ, മൾട്ടിപ്ലക് സുകൾ, അനുബന്ധ ക്യാൻറീനുകൾ, മിനി ഫുഡ് സ്റ്റോറുകൾ, ഫുഡ് കോർട്ടുകൾ എന്നി വിടങ്ങളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നു. പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാതിരിക്കുകയോ പൊതു ജനങ്ങൾ കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കാതിരിക്കുകയോ ചെയ്താൽ കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പരിശോധന വേളകളിൽ, വസ്തുക്കൾക്ക് അമിതവില ഈടാക്കരുതെന്ന് കർശന നിർദേശം നൽകിയിട്ടുണ്ട്. വില വിവരപ്പട്ടിക, കുടിവെള്ളം എന്നിവ വയ്ക്കുന്നതിനും ഭക്ഷ്യ വസ്തുക്കളുടെ അളവ്, തൂക്കം എന്നിവ രേഖപ്പെടുത്തിക്കൊണ്ടുള്ള വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനും തിയേറ്റർ ഉടമകൾക്ക് നിർദേശം നൽകിവരുന്നു. 2026 സെപ്റ്റംബർ മാസം 66 പരിശോധനകൾ നടത്തുകയും 13 ക്രമക്കേടുകൾ. കണ്ടെത്തു കയും ചെയ്തിട്ടുണ്ട്.

(ബി) സിനിമാ തിയേറ്ററുകളോടും മൾട്ടിപ്ലക്സ് തിയറ്ററുകളോടും ചേർന്നു നിൽക്കുന്ന ഫുഡ് കോർട്ടുകളിലും കാന്റീനുകളിലും മിനി ഫുഡ് സ്റ്റോറുകളിലും വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ പാക്കറ്റുകളിൽ അതിന്റെ അളവും വിലയും അതിൽ അടങ്ങിയിരിക്കുന്ന ഇൻഗ്രീഡിയൻസും ഉൾക്കൊള്ളുന്ന ലേബലുകൾ പ്രദർശിപ്പിക്കാത്തതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

മറുപടി: ഭക്ഷ്യവസ്തുക്കളുടെ പാക്കറ്റുകളിൽ അതിന്റെ അളവും വിലയും അതിൽ അടങ്ങിയിരിക്കുന്ന ഇൻഗ്രീഡിയൻസും ഉൾക്കൊള്ളുന്ന ലേബലുകൾ പ്രദർശിപ്പിക്കാതിരിക്കുക, പ്രദർശിപ്പിച്ച വിലയേക്കാൾ അധികമായി ഉപഭോക്താവിൽനിന്ന് ഈടാക്കുക, ഈടാക്കുന്ന തുകയും ബില്ലിലെ തുകയും തമ്മിൽ വ്യത്യാസം വരിക, വിലവിവരപ്പട്ടികയിൽ രേഖപ്പെടുത്തിയ പരമാവധി വിലയേക്കാൾ അധികം ഈടാക്കുക, അളവിൽ കുറവ് നൽകുക, ഉപഭോക്തൃ അവകാശ ലംഘനം, നിർമ്മാതാവിന്റെ / പാക്കറുടെ പൂർണ്ണമായ മേൽവിലാസം ഇല്ലാതിരിക്കുക, പാക്കിങ് തീയതി, കാലാവധി തീയതി

എന്നിവ രേഖപ്പെടുത്താതിരിക്കുക തുടങ്ങിയ വിഷയങ്ങളിൽ ബന്ധപ്പെട്ട നിയമങ്ങളുടെ പരിധിയിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മേൽപ്പറഞ്ഞ കടകളിൽ പോപ്കോണുകൾ വിൽക്കുമ്പോൾ ബില്ലുകൾ നൽകാത്തതിനും സാധനത്തിന്റെ അളവുകൾ രേഖപ്പെടുത്താത്തതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> പായ്ക്ക് ചെയ്യാതെ തൂക്കി വിൽപ്പന നടത്തുന്ന പോപ്കോൺ സ്റ്റാൻഡേർഡ്| അളവുകളിൽ (ഗ്രാം / കി.ഗ്രാം) ആണോ വിൽപ്പന നടത്തുന്നത് എന്നും, ഉപയോഗിക്കുന്ന ത്രാസ് യഥാസമയം മുദ്ര പതിപ്പിച്ചതാണോ എന്നും വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ അളവ് പ്രഖ്യാപിച്ചിട്ടുള്ളതുമായി പൊരുത്തപ്പെടുന്നുണ്ടോ, ഉപഭോക്താവിന് പണം നൽകിയ അളവിൽ സാധനം ലഭിക്കുന്നുണ്ടോയെന്നും പരിശോധിച്ചു ഉറപ്പാക്കുന്നു. നിയമലംഘനങ്ങൾക്ക് ലീഗൽ മെട്രോളജി ആക്ട് 2009/അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. ഉപഭോക്തൃ പരാതികൾ പരിശോധിച്ച് പരിഹാരം ഉറപ്പാക്കുന്നതിനും ഇത്തരം നിയമ ലംഘനങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങൾ നടക്കുമ്പോൾ സാധാരണ ജനങ്ങൾ ഏത് ഉദ്യോഗസ്ഥനെയാണ് ബന്ധപ്പെടേണ്ടത് എന്ന് വ്യക്തമാക്കാമോ; തൃശ്ശൂർ ജില്ലയിലെ ഇക്കാര്യങ്ങൾക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ തസ്തികയും ഫോൺ നമ്പറും നൽകാമോ; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ നടപടി എടുക്കുന്നില്ലെങ്കിൽ അപ്പീൽ അധികാരികൾ ആരൊക്കെയാണെന്ന് ഇവരുടെ തസ്തികയും ഫോൺ നമ്പറും ഉൾപ്പെടെ നൽകാമോ?

<u>മറുപടി:</u> നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ താലൂക്ക് ആസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി ഇൻസ്പെക്ടറെയോ ജില്ലയിലെ ലീഗൽ മെട്രോളജി ജനറൽ /ഫ്ലയിങ് സ്ക്വാഡ് ഡെപ്യൂട്ടി കൺട്രോളർ ഓഫീസുമായോ താലൂക്ക് സപ്ലൈ ഓഫസർ/ജില്ലാ സപ്ലൈ ഓഫീസർ എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്. തൃശ്ശൂർ ജില്ലയിലെ ലീഗൽ മെട്രോളജി/സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ ഉദ്യോഗപ്പേര്, ഫോൺ നമ്പർ എന്നിവ ചുവടെ ചേർക്കുന്നു:

1. ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ (ജനറൽ)-ഫോൺ നം-8281698075

2. ഡെപ്യൂട്ടികൺട്രോളർ ഫ്ലയിങ് സ്ക്വാഡ്(ലീഗൽ മെട്രോളജി) ഫോൺ നം-8281698084

3. അപ്പീൽ അധികാരി-ശ്രീ. ശ്രീനിവാസ. പി (മധ്യമേഖല ജോയിന്റ് കൺട്രോളർ)-ഫോൺ നം-9447490262

4. ശ്രീമതി. ആശ. ടി. ജെ (ജില്ലാ സപ്ലൈ ഓഫീസർ) - ഫോൺ നം. 9188527321

5.അപ്പീൽ അധികാരി ശ്രീ. മോഹന കുമാർ. സി. വി (റേഷനിങ് കൺട്രോളർ)-ഫോൺ നം. 9188527303

സെക്ഷൻ ഓഫീസർ